301842/2021/(J),DCKNR

**കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ കണ്ണൂർ1 , കണ്ണൂർ 2 വില്ലേജുകളിലെ തെക്കി ബസാർ ഫ്ളൈ ഓവർ നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ടിൻ മേൽ വിദഗ്ധ സമിതിയുടെ ശുപാർശ കുറിപ്പ്**

**തീയ്യതി : 25.02.2021**

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ പെട്ട കണ്ണൂർ1 , കണ്ണൂർ 2 വില്ലേജുകളിലെ തെക്കി ബസാർ ഫ്ളൈ ഓവർ നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെകുറിച്ച് ചെയർമാൻ സാമൂഹ്യാഘാത പഠന യൂണിറ്റ് 'കയ്റോസ്' കണ്ണൂർ എന്ന ഏജൻസി നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ല കലക്ടറുടെ 30.01.2021-ാംതീയ്യതിയിലെ DCKNR/12929/2019-c8 നമ്പറായി ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരിക്കുന്നു.

മേൽ പറഞ്ഞ പ്രകാരം രൂപവൽക്കരിച്ച വിദഗ്ധ സമിതിയുടെ പ്രഥമ യോഗം 19.02.2021-ാം തീയ്യതി രാവിലെ 10.30ന് കണ്ണൂർ കലക്ട്രേറ്റിൽ വച്ച് ചെയർമാൻ ശ്രീ.എം.ഗോപിയുടെ അധ്യക്ഷതയിൽ ചേർന്നു. യോഗം ചേർന്നതിന്റെ ഉദ്ദേശത്തെ കുറിച്ച് അദ്ദേഹം വിശദീകരിച്ചു. സാമൂഹ്യാഘാത പഠനറിപ്പോർട്ടിലെ കാര്യങ്ങൾ യോഗം വിശകലനം ചെയ്തു.

കണ്ണൂർ സിവിൽ സ്റ്റേഷന്റെ മുന്നിലുള്ള ഗാന്ധി സർക്കിളിന്റെ സമീപത്തു കൂടി കടന്നു പോകുന്ന ഫ്ളൈ ഓവറിനും അതിന്റെ ഭാഗമായുള്ള റോഡിനുമായി കണ്ണൂർ താലൂക്കിലെ കണ്ണൂർ കരാർ, ചാലാട് കണ്ണോത്തുംചാൽ ,പുഴാതി എന്നീ ദേശങ്ങളിലെ വിവിധ സർവ്വെ നമ്പറുകളിൽപെടുന്ന 0.8124 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.നിർദ്ദിഷ്ട ഫ്ളൈ ഓവറിന് 1.18 കി.മീ നീളവും 10.90 മീറ്റർ വീതിയുമാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ഇരു വശത്തും 0.45 മീറ്റർ വീതിയിൽ ക്രാഷ് ബാരിയറും 10 മീറ്റർ വീതിയുമുള്ള പാതയുമാണ്.

പ്രസ്തുത പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പൂർണ്ണമായും ഭാഗികമായും ഏറ്റെടുക്കുന്നതിൽ 250ഓളം സ്ഥാപനങ്ങൾ ഉണ്ടെന്ന് കാണുന്നു.കൂടാതെ ആയിരത്തോളം പേരുടെ തൊഴിലിനെ ബാധിക്കുന്നതായും പഠനറിപ്പോർട്ടിൽ കാണുന്നു.

വിദ്ഗ്ധ സമിതിയുടെ അന്തിമ യോഗം 25.02.2021-ാം തീയ്യതി കണ്ണൂർ മുനിസിപ്പൽ ഓഫീസിൽ വച്ച് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് വിദഗ്ധ സമിതി ചെയർമാൻ ശ്രീ.എം.ഗോപിയുടെ അധ്യക്ഷതയിൽ ചേർന്നു. പഠന റിപ്പോർട്ടിലുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

കണ്ണൂർ ജില്ലയിലെ ഗതാഗതക്കുരുക്കിനുള്ള പരിഹാരമെന്ന നിലയിൽ ആണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള RBDCK എന്ന കമ്പനി അടിസ്ഥാന സൗകര്യ വികസനത്തിന് രൂപവൽക്കരിച്ചിട്ടുള്ള കിഫ്ബി(KIIFB) എന്ന സർക്കാർ

സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടു കൂടിയാണ് ഫ്ളൈ ഓവർ നിർമ്മിക്കുന്നത്. ഈ പദ്ധതി കൊണ്ടുള്ള നേട്ടം പൊതു ജനങ്ങൾക്കാണ്. ആയതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിനു വേണ്ടിതന്നെയാണ്.

1. കണ്ണൂർ നഗരത്തിലെ കാൽടക്സ് ജംഗ്ഷൻ മേഖലയിൽ ഉണ്ടായികൊണ്ടിരിക്കുന്ന ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത്. ആയതിനാൽ ഇതിനു പകരമായി വേറെ ഭൂമി കണ്ടെത്തേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ ആശങ്ക യോഗം ചർച്ച ചെയ്തു. നഗര വികസനവും ഭാവിയിലെ ഗതാഗതകുരുക്കും കണക്കിലെടുക്കുമ്പോൾ ഫ്ളൈ ഓവർ നിർമ്മാണം ആവശ്യം തന്നെയാണെന്ന് ശുപാർശ ചെയ്യുന്നു. ഈ പദ്ധതിക്കു വേണ്ടി ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത് എ
2. താമസ ഗൃഹങ്ങളൊന്നും ഏറ്റെടുക്കുന്നതിൽപെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നില്ല. ആയതിനാൽ പുനരധിവാസ പ്രശ്നമില്ല.
3. ഫ്ളൈ ഓവറിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ അലൈൻമെന്റ് മാറ്റം വരുത്തണമെന്ന് ഭൂമിയുടെ ചില ഉടമസ്ഥർ ആവശ്യപ്പെട്ടതായി കാണുന്നു. വിശദമായ ട്രാഫിക് പഠനത്തിന്റെയും ശാസ്ത്രീയമായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽIRC(Indian Road Congress) മാനദണ്ഡപ്രകാരമാണ് അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളതെന്ന് റിപ്പോർട്ടിൽ കാണുന്നു.ഈ ആവശ്യം സാങ്കേതിക വിദഗ്ധനും RBDCK പ്രതിനിധിയും രേഖകൾ സഹിതം യോഗത്തിൽ വിശദീകരിച്ചു.ആയതിനാൽ അലൈന്റ്മെന്റ് മാറ്റേണ്ടതില്ലെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.
4. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി തൊഴിലും വരുമാനവും നഷ്ടപ്പെടുന്നവർക്ക് മെച്ചപ്പെട്ട രീതിയിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകണമെന്നും ആയതിന് പ്രഥമ പരിഗണ നൽകണമെന്നും വിദ്ഗധ സമിതി അംഗങ്ങളായ അഡ്വക്കറ്റ്.പി.ഇന്ദിര, ( ചെയർപേഴ്സൺ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി കണ്ണൂർ കോർപ്പറേഷൻ ) കൂടാതെ ശ്രീ. സുരേഷ് ബാബു എളയാവൂർ, (ചെയർമാൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, കണ്ണൂർകോർപ്പറേഷൻ ) എന്നിവർ ആവശ്യപ്പെട്ടു

5. ഭൂമിയടെ ഉടമസ്ഥാവകാശം തൊഴിൽ നഷ്ടപ്പെടുന്നവർക്കും RFCTLAR&R Act2013 ലെ നിയമത്തിലും കേരള സർക്കാറിന്റെ 29.12.2017ലെ ജി.ഒ(എം.എസ്)448/2017/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരവും ഉള്ള നഷ്ടപരിഹാരം ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

6.ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം ഫ്ളൈഓവർ നിലവിൽ വന്നാലുള്ള പ്രയോജനവുമായി താരതമ്യം ചെയ്യുമ്പോൾ ഫ്ളൈഓവർ കൊണ്ടുള്ള നേട്ടം വലുതാണ്. ആയതിനാൽ കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ കണ്ണൂർ1 , കണ്ണൂർ 2 വില്ലേജുകളിലെ തെക്കി ബസാർ ഫ്ളൈ ഓവർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് നാടിനു സമർപ്പിക്കണമെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

| | | |
|---|---|---|
| അഡ്വ.പി.ഇന്ദിര | സുരേഷ് ബാബു എളയാവൂർ | ജിജി.കെ |
| ചെയർപേഴ്സൺ | ചെയർമാൻ | കൈതപ്രത്ത് |
| മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | സാമൂഹ്യ ശാസ്ത്രജ്ഞ |
| കണ്ണൂർ കോർപ്പറേഷൻ | കണ്ണൂർ കോർപ്പറേഷൻ | വിദഗ്ധ സമിതി |

| | | |
|---|---|---|
| സി എം.മുരളീധരൻ | രാജു.പി | പ്രകാശൻ.വി.എം |
| റിട്ട.ഡപ്യൂട്ടി കലക്ടർ | റിട്ട.ഡപ്യൂട്ടി കലക്ടർ | റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| പുനരധിവാസപ്രവർത്തന | പുനരധിവാസപ്രവർത്തന | സാങ്കേതിക വിദ്ഗ്ധൻ |
| വിദഗ്ധൻ | വിദഗ്ധൻ | |

ഗോപി.എം

സാമൂഹ്യശ്സ്ത്രജ്ഞൻ& ചെയർമാൻ,വിദഗ്ധ സമിതി